"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് - കേന്ദ്ര ആയുഷ് മന്ത്രാലയത്തിൽ റിസർച്ച് ഓഫീസർമാരായി ജോലി ചെയ്യുന്ന ഡോ.പൂജ റോസ് .സി.ജെ., ഡോ.ധന്യമോൾ ടി.കെ ,ഡോ.രേവതി കെ.ആർ ,ഡോ.ശ്രീവിദ്യ കെ.എൻ എന്നിവർക്ക് ആയുർവേദ പി.ജി. കോഴ്സുകളിൽ പഠനം തുടരുന്നതിന് Condonation of Break of Study ക്കുള്ള അപേക്ഷ നൽകുന്നതിനുള്ള അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.89/2025/AYUSH തീയതി,തിരുവനന്തപുരം, 18-02-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 256/2022/ആയുഷ് തീയതി 10.06.2022
2. ഡോ.പൂജ റോസ് .സി.ജെ., ഡോ.ധന്യമോൾ ടി.കെ ,ഡോ.രേവതി കെ.ആർ ,ഡോ.ശ്രീവിദ്യ കെ.എൻ എന്നിവരുടെ 14.10.2024 ലെ അപേക്ഷകൾ
3. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 16.12.2024, 07.02.2025 തീയതികളിലെ ജി3/751/2020/ഡിഎഎംഇ നമ്പർ കത്തുകൾ
4. കേരള ആരോഗ്യശാസ്ത്ര സർവകലാശാല രജിസ്ട്രാറുടെ 09.01.2025 ലെ 17384/2017/A1/Acad-AYUSH/KUHS നമ്പർ കത്ത്

**ഉത്തരവ്**

കേന്ദ്ര ആയുഷ് മന്ത്രാലയത്തിൽ റിസർച്ച് ഓഫീസർ (ആയുർവേദ) തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് ഡോ.പൂജ റോസ്.സി.ജെ., ഡോ.ധന്യമോൾ ടി.കെ ,ഡോ.രേവതി കെ.ആർ , ഡോ.ശ്രീവിദ്യ കെ.എൻ എന്നിവരെ പരാമർശം (1) ഉത്തരവ് പ്രകാരം ബന്ധപ്പെട്ട ആയുർവേദ പി.ജി. കോഴ്സിൽ നിന്നും വിടുതൽ ചെയ്ത് പ്രസ്തുത ജോലിയിൽ പ്രവേശിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. 01/03/2025 മുതൽ 30/11/2026 തീയതി വരെ പ്രസ്തുത വിദ്യാർത്ഥിനികൾക്ക് കേന്ദ്ര സർക്കാർ Extra Ordinary Leave (EOL) (without medical certificate) അനുവദിച്ചതിനെത്തുടർന്ന് പരാമർശം (2) പ്രകാരം തിരികെ പി.ജി. കോഴ്സിൽ പ്രവേശിക്കുന്നതിനുള്ള അനുമതി നൽകണമെന്നഭ്യർത്ഥിച്ച് പ്രസ്തുത വിദ്യാർത്ഥിനികൾ അപേക്ഷ സമർപ്പിക്കുകയുണ്ടായി . NCISM /KUHS Regulations ൽ നിഷ്കർഷിച്ചിട്ടുള്ള 6 വർഷ കാലാവധിക്കുള്ളിൽ പി.ജി. കോഴ്സ് പൂർത്തീകരിക്കുവാൻ കഴിയുമെന്ന ഇവരുടെ വാദം കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ,

പ്രസ്തുത വിദ്യാർത്ഥിനികൾക്ക് പഠനം തുടരുന്നതിനായി Condonation of Break of Study (CBS) -യ്ക്ക് വേണ്ടിയുള്ള അപേക്ഷകൾ അതാത് പ്രിൻസിപ്പാൾമാർ മുഖാന്തരം സമർപ്പിർക്കേണ്ടതാണെന്ന് KUHS രജിസ്ട്രാർ പരാമർശം (4) പ്രകാരം നിർദ്ദേശിക്കുകയുണ്ടായി.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡോ.പൂജ റോസ്.സി.ജെ (കൗമാരഭൃത്യ വിഭാഗം , ഗവ.ആയുർവേദ കോളേജ്, തിരുവനന്തപുരം) , ഡോ. രേവതി കെ.ആർ (പ്രസൂതിതന്ത്ര വിഭാഗം , ഗവ. ആയുർവേദ കോളേജ് ,തിരുവനന്തപുരം) , ഡോ.ധന്യമോൾ ടി.കെ. (ശല്യതന്ത്ര വിഭാഗം , വൈദ്യരത്നം പി.എസ്.വാര്യർ ആയുർവേദ കോളേജ്, കോട്ടക്കൽ ) , ഡോ.ശ്രീവിദ്യ കെ.എൻ (ശാലക്യതന്ത്ര വിഭാഗം , ഗവ.ആയുർവേദ കോളേജ് ,കണ്ണൂർ) എന്നിവർക്ക് ബന്ധപ്പെട്ട പി.ജി. കോഴ്സുകളിൽ പഠനം തുടരുന്നതിനായി Condonation of Break of Study (CBS) -യ്ക്ക് വേണ്ടിയുള്ള അപേക്ഷ അതാത് പ്രിൻസിപ്പാൾമാർ മുഖാന്തരം കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയ്ക്ക് സമർപ്പിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SAMEER KUMAR O J

ഡെപ്യൂട്ടി സെക്രട്ടറി

രജിസ്ട്രാർ ,കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല , തൃശ്ശൂർ
ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം
ബന്ധപ്പെട്ട പ്രിൻസിപ്പൽ (ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ബന്ധപ്പെട്ട വിദ്യാർത്ഥിയ്ക്ക് (ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) , കേരള ,തിരുവനന്തപുരം
വെബ്& ന്യൂ മീഡിയ
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 18-02-2025 14:22:27

സെക്ഷൻ ഓഫീസർ